ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

***DATE: 19.11.2025*** ***TIME : 06.30 PM***

## പ്രധാന

1) ജൈവകൃഷിയുടെ ആഗോള കേന്ദ്രമായി രാജ്യം മാറുന്നതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. ദക്ഷിണേന്ത്യൻ ജൈവ കൃഷി ഉച്ചകോടിയുടെ ഉദ്ഘാടനം പ്രധാനമന്ത്രി കോയമ്പത്തൂരിൽ നിർവഹിച്ചു.

2) കേരളത്തിൽ SIR നടപടികൾ വേഗത്തിലാക്കാൻ ബൂത്ത് ലവൽ ഓഫീസർമാർ പ്രധാന പങ്കാണ് വഹിക്കുന്നതെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ. SIR സംബന്ധിച്ച ഹർജികൾ സുപ്രീം കോടതി മറ്റന്നാൾ പരിഗണിക്കും.

3) സംസ്ഥാനത്ത് തദ്ദേശ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം ഊർജ്ജിതമായി പുരോഗമിക്കുന്നു. നാമനിർദ്ദേശ പത്രികകൾ മറ്റന്നാൾ വൈകുന്നേരം മൂന്ന് വരെ സമർപ്പിക്കാം.

4) ശബരിമലയിൽ തിരക്ക് നിയന്ത്രണ വിധേയം. സ്പോട്ട് ബുക്കിംഗ് തിങ്കളാഴ്ച വരെ 5,000

**ആക്കി കുറയ്ക്കാൻ നിർദ്ദേശിച്ച് ഹൈക്കോടതി.**

**5)ബിഹാർ മുഖ്യമന്ത്രിയായി നിതീഷ് കുമാർ നാളെ സത്യപ്രതിജ്ഞ ചെയ്യും.**

**6)സംസ്ഥാനത്ത് ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യത. ആറ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.**

**പ്രധാനമന്ത്രി-കോയമ്പത്തൂർ (INTRO)**

ജൈവകൃഷിയുടെ ആഗോള കേന്ദ്രമായി രാജ്യം മാറുന്നതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. ദക്ഷിണേന്ത്യൻ ജൈവ കൃഷി ഉച്ചകോടിയുടെ ഉദ്ഘാടനം കോയമ്പത്തൂരിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം. യുവജനങ്ങൾ കാർഷിക മേഖയിലേക്ക് എത്തുന്നത് രാജ്യത്ത് വലിയ ഉണർവ് സൃഷ്ടിക്കുന്നതായി പ്രധാനമന്ത്രി പറഞ്ഞു. കൃഷി രീതികൾ ആധുനികവത്കരിക്കാനും, കാർഷിക കയറ്റുമതി ഇരട്ടിയാക്കാനും നടപടികൾ സ്വീകരിച്ചുവരുന്നതായും അദ്ദേഹം വ്യക്തമാക്കി.

(ഹേറാൾഡ് വോയ്സ്......)

പിഎം കിസാൻ പദ്ധതിയുടെ 21- ാം ഗഡുവും പ്രധാനമന്ത്രി ചടങ്ങിൽ കർഷകർക്ക് കൈമാറി.

❁❁❁❁❁❁❁❁❁❁❁❁❁

## മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ

കേരളത്തിൽ SIR നടപടികൾ വേഗത്തിലാക്കാൻ ബൂത്ത് ലവൽ ഓഫീസർമാർ പ്രധാന പങ്കാണ് വഹിക്കുന്നതെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ. BLO മാർ തിരഞ്ഞെടുപ്പ് കമ്മീഷന്റെ പ്രധാന ഘടകമാണെന്നും ഇവരുടെ കൃത്യമായ പ്രവർത്തനത്തിലൂടെ ഇതുവരെ 5 ലക്ഷത്തോളം പൂരിപ്പിച്ച എന്യൂമറേഷൻ ഫോമുകൾ അപ്ലോഡ് ചെയ്യാൻ സാധിച്ചതായും അദ്ദേഹം അറിയിച്ചു. ബി.എൽ.ഒ മാർക്ക് ബുദ്ധിമുട്ടില്ലാതെ ജോലി ചെയ്യാൻ എല്ലാ സൗകര്യവും ലഭ്യമാക്കിയിട്ടുണ്ട്. ബിഎൽഒ മാരുടെ ജോലി തടസ്സപ്പെടുത്താൻ ആർക്കും അവകാശമില്ലെന്നും ഇത്തരം നടപടികൾ

10 വർഷം വരെ തടവ് ശിക്ഷ കിട്ടുന്ന കുറ്റമാണെന്നും മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർ വാർത്താസമ്മേളനത്തിൽ

അറിയിച്ചു. BLO അനീഷ് ജോർജിന്റെ മരണത്തിൽ ദുഖം രേഖപ്പെടുത്തിയ അദ്ദേഹം കുടുംബത്തിന് എല്ലാ പിന്തുണയും അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

**എസ്.ഐ.ആർ സുപ്രീംകോടതി**

കേരളത്തിലെ സംക്ഷിപ്ത വോട്ടർപട്ടിക പരിഷ്കരണം സംബന്ധിച്ച ഹർജികൾ സുപ്രീം കോടതി

മറ്റന്നാൾ പരിഗണിക്കും. തദ്ദേശ തെരഞ്ഞെടുപ്പ് നടക്കുന്ന സാഹചര്യത്തിൽ എസ് ഐ ആർ നടപടിക്രമങ്ങൾ നീട്ടിവയ്ക്കണമെന്ന ആവശ്യപ്പെട്ടാണ് സംസ്ഥാന സർക്കാരും, മുസ്ലിം ലീഗുമടക്കം സുപ്രീംകോടതിയെ സമീപിച്ചത്. രണ്ട് പ്രക്രിയകളും ഒരുമിച്ച് നടത്തുന്നത് വലിയ പ്രതിസന്ധി സൃഷ്ടിക്കുന്നതായി മുസ്ലീം ലീഗ് അഭിഭാഷകൻ ഹാരിസ് ബീരാൻ കോടതിയെ അറിയിച്ചതോടെയാണ് അടിയന്തരമായി വാദം

കേൾക്കാമെന്ന് ചീഫ് ജസ്റ്റിസ് വ്യക്തമാക്കിയത്.

❁❁❁❁❁❁❁❁❁❁❁❁❁

## തദ്ദേശ തിരഞ്ഞെടുപ്പ്

സംസ്ഥാനത്ത് തദ്ദേശ തിരഞ്ഞെടുപ്പിനുള്ള നാമനിർദേശ പത്രികാ സമർപ്പണം പുരോഗമിക്കുന്നു. ഇന്നലെ വരെ ഏഴായിരത്തോളം പേർ പത്രിക സമർപ്പിച്ചു. പത്രിക സമർപ്പിക്കാനുള്ള സമയ പരിധി മറ്റന്നാൾ വൈകുന്നേരം മൂന്ന് മണിക്ക് അവസാനിക്കും. സൂക്ഷ്മ പരിശോധന 22-ന് നടക്കും. അടുത്ത മാസം ഒമ്പതിനും പതിനൊന്നിനും രണ്ട് ഘട്ടങ്ങളായാണ് വോട്ടെടുപ്പ്. 13 നാണ് വോട്ടെണ്ണൽ. തദ്ദേശ തിരഞ്ഞെടുപ്പിനുള്ള പ്രചാരണവും സംസ്ഥാനത്ത് ഊർജ്ജിതമായി പുരോഗമിക്കുകയാണ്. തിരഞ്ഞെടുപ്പ് കൺവെൻഷനുകളും, വീടുകൾ തോറും കയറിയിറങ്ങിയുള്ള പ്രചാരണവും വാർഡുകളിൽ സജീവമായി തുടരുന്നു.

## പൂർണ്ണ സുതാര്യതഉറപ്പാക്കും : തിരഞ്ഞെടുപ്പ്കമ്മീഷണർ

തദ്ദേശ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് പ്രക്രിയയിൽ പൂർണ്ണ സുതാര്യത ഉറപ്പാക്കുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ ഷാജഹാൻ. മാതൃകാ പെരുമാറ്റച്ചട്ടം കൃത്യമായി പാലിക്കുന്നുണ്ടെന്ന് പൊതുനിരീക്ഷകർ ഉറപ്പുവരുത്തണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. പൊതുനീരിക്ഷകരുടെ ആദ്യ യോഗത്തിന് അധ്യക്ഷത വഹിക്കുകയായിരുന്നു കമ്മീഷണർ. എല്ലാ പോളിങ്ങ് സ്റ്റേഷനുകളിലും മതിയായ സൗകര്യം ഉറപ്പു വരുത്തണമെന്നും അദ്ദേഹം നിർദ്ദേശിച്ചു.

## ബിഹാർ

ബിഹാർ മുഖ്യമന്ത്രിയായി നിതീഷ് കുമാർ നാളെ സത്യപ്രതിജ്ഞ ചെയ്യും. ഇത് പത്താം തവണയാണ് അദ്ദേഹം ബിഹാറിന്റെ

മുഖ്യമന്ത്രി സ്ഥാനത്തെത്തുന്നത്. പട്നയിലെ ഗാന്ധി മൈതാനിൽ നടക്കുന്ന സത്യപ്രതിജ്ഞാ ചടങ്ങിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ഉൾപ്പെടെയുള്ള നേതാക്കൾ പങ്കെടുക്കും. ഇന്ന് ചേർന്ന എൻഡിഎ നിയമസഭാ കക്ഷി യോഗം നിതീഷ് കുമാറിനെ നേതാവായി തിരഞ്ഞെടുക്കുകയായിരുന്നു. ജെഡിയു, ബിജെപി നിയമസഭാ കക്ഷി യോഗവും ഇന്ന് ചേർന്നു. സമ്രാട്ട് ചൗധരിയാണ് ബിജെപിയുടെ നിയമസഭാ കക്ഷി നേതാവ്. ബിഹാർ നിയമസഭാ തിരഞ്ഞെടുപ്പിൽ 243 ൽ 202 സീറ്റ് സ്വന്തമാക്കിയാണ് എൻഡിഎ അധികാരത്തിലെത്തിയത്.

❁❁❁❁❁❁❁❁❁❁❁❁❁

**ശബരിമല-ഹൈക്കോടതി (INTRO)**

ശബരിമലയിൽ തിരക്ക് നിയന്ത്രണ വിധേയം. സ്പോട്ട് ബുക്കിംഗ് നാളെ മുതൽ തിങ്കളാഴ്ച വരെ 5,000 ആക്കി കുറയ്ക്കാൻ ഹൈക്കോടതി ഇന്ന് നിർദേശം നൽകി. തീർഥാടകർ ദർശനം ലഭിക്കാതെ തിരികെപോകേണ്ടിവന്നത് ഏറെ ഖേദകരമായ കാര്യമാണെന്ന് ദേവസ്വം

ബോർഡ് പ്രസിഡൻ്റ് കെ.ജയകുമാർ പറഞ്ഞു.

**വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ.......**

**(വോയിസ്)**

**ശബരിമല എൻഡിആർഎഫ്-**

ശബരിമലയിൽ ദേശീയ ദുരന്തനിവാരണ സേനയുടെ ആദ്യസംഘത്തെ വിന്യസിച്ചു. 30 അംഗസംഘമാണ് സന്നിധാനത്ത് എത്തിയത്. ചെന്നൈയിൽ നിന്നുള്ള 38 അംഗ സംഘവും ഇന്ന് രാത്രിയോടെ എത്തും.

**രാജ്യാന്തര ചലച്ചിത്രമേള**

56-ാമത് ഇന്ത്യ രാജ്യാന്തര ചലച്ചിത്രമേളയ്ക്ക് നാളെ ഗോവയിൽ തിരിതെളിയും . ബ്രസീലിയൻ ചിത്രം ദി ബ്ലൂ ട്രെയിൽ ആണ് ഉദ്ഘാടന ചിത്രം. ഈ മാസം 28 വരെ നീളുന്ന മേളയിൽ 80-ലധികം രാജ്യങ്ങളിൽ

നിന്നുള്ള 270-ലധികം ചിത്രങ്ങൾ പ്രദർശിപ്പിക്കും.

## വ്യാജ മരുന്ന്

തിരുവനന്തപുരം, തൃശൂർ, കോഴിക്കോട് ജില്ലകളിൽ ഡ്രഗ്സ് ഇന്റലിജൻസ് വിഭാഗത്തിന്റെ നേതൃത്വത്തിൽ നടത്തിയ പരിശോധനകളിൽ 2 ലക്ഷത്തിലധികം രൂപ വിലയുള്ള വ്യാജമരുന്നുകൾ പിടിച്ചെടുത്തു. ആസ്തമ രോഗികൾ വ്യാപകമായി ഉപയോഗിച്ച് വരുന്ന, SEROFLO Rotacaps 250 Inhalerന്റെ വ്യാജ മരുന്നാണ് ആണ് കണ്ടെത്തിയത്. വ്യാജമരുന്ന് വിൽപനയ്ക്കായി സ്റ്റോക്ക് ചെയ്തിരുന്നത് കണ്ടെത്തിയതിനെ തുടർന്ന് തിരുവനന്തപുരം ബാലരാമപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന ആശ്വാസ് ഫാർമ, തൃശൂർ, പൂങ്കുന്നം ആസ്ഥാനമായി പ്രവർത്തിക്കുന്ന Med World ഫാർമ എന്നീ സ്ഥാപനങ്ങൾക്കെതിരെ ഡ്രഗ്സ് കൺട്രോൾ വിഭാഗം നിയമനടപടികൾ സ്വീകരിച്ചു.

## ഇടുക്കി (ഇൻട്രോ)

മൂന്നാറിലെത്തുന്ന സഞ്ചാരികളെ ഏറെ ആകർഷിക്കുന്ന ഇടമാണ് ഗ്യാപ്പ് റോഡ്. കോടമഞ്ഞും മലനിരകളും കൂടാതെ, ഇവിടെ പഴമയുടെ കൗതുകമുണർത്തുന്ന ഒരു കാഴ്ച കൂടിയുണ്ട്- മലയിൽ കള്ളൻ ഗുഹ.

**ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ തയ്യാറാക്കിയ റിപ്പോർട്ടിലേക്ക്.......**

**(വോയിസ്)**

## ശ്രീപത്മനാഭസ്വാമി ക്ഷേത്രം

തിരുവനന്തപുരം ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ മുറജപ - ലക്ഷദീപ മഹോത്സവത്തിന് നാളെ തുടക്കമാകും. ആറു വർഷത്തിലൊരിക്കൽ നടക്കുന്ന മുറജപ മഹോത്സവം ജനുവരി 14-ന് ലക്ഷദീപത്തോടെയാണ് സമാപിക്കുക. മുറജപത്തിന്റെ ആദ്യ ദിവസത്തെ ചടങ്ങിൽ

തെലുങ്ക് ചലച്ചിത്ര താരം റാണാ ദഗുബതി പങ്കെടുക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## ബീമാപള്ളി ഉറൂസ്

ബീമാപള്ളി ഉറൂസ് മഹോത്സവത്തിന്റെ ആദ്യ ദിവസമായ ഈ മാസം 22ന് തിരുവനന്തപുരം നഗരസഭാ പരിധിയിലുള്ള സ്ഥാപനങ്ങൾക്ക് പ്രാദേശിക അവധി പ്രഖ്യാപിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പൊതുതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സർക്കാർ സ്ഥാപനങ്ങൾ എന്നിവ ഒഴികെയുള്ള, നഗരസഭാ പരിധിയിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾക്കും അവധിയായിരിക്കുമെന്ന് ജില്ലാ കളക്ടർ അറിയിച്ചു. മുൻ നിശ്ചയിച്ചിട്ടുള്ള പൊതുപരീക്ഷകൾക്ക് അവധി ബാധകമായിരിക്കില്ല.

❁❁❁❁❁❁❁❁❁❁❁❁❁

**മഴ**

കന്യാകുമാരി തീരത്തെ ന്യൂനമർദ്ദത്തിന്റെ സ്വാധീനത്താൽ കേരളത്തിൽ വ്യാപക മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കേരള ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് വിലക്കുണ്ട്.

❁❁❁❁❁❁❁❁❁❁❁❁❁

**സുഗമ ദർശനമൊരുക്കി കേരള പൊലീസ്**

വിർച്ച്വൽ ക്യൂ പാസുണ്ടായിട്ടും ഭക്തരുടെ അഭൂതമായ തിരക്ക് മൂലം ശബരിമലയിൽ ദർശനം നടത്താൻ കഴിയില്ലെന്ന് കരുതി മടങ്ങിയ മുതിർന്ന സ്ത്രീകളും കുട്ടികളും ഉൾപ്പടെയുള്ള സംഘത്തിന് സുഗമദർശനം ഒരുക്കി കേരള പൊലീസ്. കല്ലമ്പലത്തു നിന്നുള്ള എട്ടംഗ സംഘത്തിനാണ് എ ഡി ജി പി എസ് ശ്രീജിത്തിന്റെ നേതൃത്വത്തിൽ ദർശന സൗകര്യമൊരുക്കിയത്. വിർച്ച്വൽ ക്യൂ പാസ് എടുത്ത് കൃതമായ ദിവസം എത്തുന്ന എല്ലാ ഭക്തർക്കും ദർശനം ഉറപ്പാക്കുമെന്നും എ ഡി ജി പി പറഞ്ഞു.